**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **08-08-2023 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് കവറുകളിൽ ആഹാരം പൊതിഞ്ഞു നൽകുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാർ ആശ്രയിക്കുന്ന തട്ടുകടകൾ, ചായക്കടകൾ, ഹോട്ടലുകൾ, എന്നിടങ്ങളിൽ ചൂടുള്ള ഭക്ഷണവും കറികളും നേരിയ കനം മാത്രമുള്ള പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞു നൽകുന്ന മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്ലാസ്റ്റിക് കവറുകളിൽ ചൂടുള്ള ഭക്ഷണം പൊതിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Food Safety and Standards (Packaging) Regulations, 2018, Schedule III പ്രകാരം ഭക്ഷ്യ വസ്തുക്കളുമായി സമ്പർക്കത്തിൽ വരാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ IS Specification നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതിൻ പ്രകാരമുള്ള Packing materials മാത്രമേ ഭക്ഷണം പായ്ക്ക് ചെയ്യാൻ ഉപയോഗിക്കാവൂ. ഭക്ഷ്യ സംരംഭകർക്ക് ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലന പരിപാടികളിൽ നൽകി വരുന്നു. ആയത് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ ഉറപ്പുവരുത്തി വരുന്നു. ആരോഗ്യ വകുപ്പ് ഇതുമായി ബന്ധപ്പെട്ട പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്ലാസ്റ്റിക് കവറുകളിൽ ചൂടുള്ള ഭക്ഷണം പൊതിയുന്നത് മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്ലാസ്റ്റിക് കവറുകൾക്ക് പകരം അലുമിനിയം ഫോയിൽ പേപ്പറുകൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങളും നടപടികളും സ്വീകരിക്കുമോ ? | (സി) | 2011 ലെ Food Safety and Standards (Packaging and Labelling) Regulation ൽ നിഷ്കർഷിച്ചിട്ടുള്ള IS നിലവാരമുള്ള പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ ഭക്ഷണം പൊതിഞ്ഞ് നൽകുന്നതിനോ സൂക്ഷിയ്ക്കുന്നതിനോ അനുവാദമുള്ളതാണ്. കൂടാതെ 2018 ലെ Food Safety and Standards (Packaging) Regulation ലെ ഷെഡ്യൂൾ 1 ൽ IS 8970 നിലവാരമുള്ള അലുമിനിയം ഫോയിൽ ഭക്ഷണ പദാർത്ഥം പൊതിഞ്ഞ് നൽകുന്നതിന് ഉപയോഗിക്കാൻ അനുവാദമുള്ളതാണ്. ഇത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഭക്ഷ്യ സംരംഭകർക്ക് നൽകി വരുന്ന അവബോധന ക്ലാസുകളിലും, പരിശീലന പരിപാടികളിലും, ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | | | നടത്തുന്ന പരിശോധനകളിലും ആയതിന്റെ ആവശ്യകത ഉറപ്പുവരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ